# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അഞ്ച്

## ക്രിസ്തുവിന്റെ വീണ്ടും വരവ്

Sat മിക്ക ക്രിസ്ത്യാനികളുടെയും ധാരണ വെളിപ്പാട് പുസ്തകം ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ പുസ്തകമാകുന്നു എന്നാണ്. വെളിപ്പാട് പുസ്തകം ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് വിവരിക്കുന്നതുകൊണ്ട് ഈ ധാരണ തികച്ചും ശരിയാണ്. എങ്കിലും, വർഷങ്ങളിലുടനീളമായി, കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് ക്രിസ്ത്യാനികൾക്ക് വ്യക്തത ഉണ്ടായിട്ടില്ല. വ്യക്തതയുടെ ഈ അഭാവം നിമിത്തം, ഇതിനെക്കുറിച്ച് വളരെ തർക്കങ്ങളും ശണ്ഠകളും ഉണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച വെളിപാട് അത്ര ലളിതമല്ല; മറിച്ച്, അതു

വളരെ സങ്കീർണ്ണവും വിവിധ വശങ്ങൾ ഉള്ളതും ആണ്. അതുകൊണ്ട്, കർത്താവിന്റെ വീണ്ടും വരവിനെ സമ്പൂർണ്ണമായി മനസ്സിലാക്കുവാൻ മിക്ക ക്രിസ്ത്യാനികൾക്കും വളരെ പ്രയാസമായിരിക്കുന്നു.

കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് അനേകം പുസ്തകങ്ങൾ, വിശേഷിച്ചും ബ്രദറൻ വിഭാഗത്തിലുള്ളവരാൽ, എഴുതപ്പെട്ടിരിക്കുന്നു. ബ്രദറനിലുള്ള മുൻനിര ഉപദേശഷ്ടാക്കന്മാരിൽ ചിലർ കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ വച്ചുപുലർത്തിയിരുന്നു; അവരുടെ ഇടയിലെ ഒന്നാമത്തെ ഭിന്നത ഈ വ്യത്യസ്ത അഭിപ്രായങ്ങളുടെ ഫലമായിരുന്നു. ജോൺ നെൽസൽ ഡാർബിയുടെ നേതൃത്വത്തിൻകീഴിൽ ബ്രദറൻ സാക്ഷ്യം എന്നു വിളിക്കപ്പെടുന്നത് 1928-ലോ 29-ലോ എഴുന്നേൽപ്പിക്കപ്പെട്ടു. മഹോപദ്രവത്തിനുമുമ്പ് ക്രിസ്തു വരുമെന്ന് ഡാർബി പഠിപ്പിക്കുകയും, മഹോപദ്രവത്തിനുശേഷം ക്രിസ്തു വരുമെന്ന് മറ്റൊരു പ്രധാനപ്പെട്ട ഉപദേഷ്ടാവായ ബെഞ്ചമിൻ ന്യൂട്ടൺ പറയുകയും ചെയ്തു. ഈ രണ്ടു ശ്രേഷ്ഠ ഉപദേഷ്ടാക്കന്മാരും വ്യത്യസ്ത അഭിപ്രായങ്ങൾ വച്ചുപുലർത്തിയതുകൊണ്ട്, ഈ വിഷയത്തെക്കുറിച്ച് നിരവധി തർക്കങ്ങൾ ഉണ്ടായിരുന്നു.

ഒടുവിൽ, ഇത് ബ്രദറൻ എന്നു വിളിക്കപ്പെടുന്നവരുടെ ഇടയിൽ ഡാർബിയുടെ നേതൃത്വത്തിൻ കീഴിലുള്ളവരും ന്യൂട്ടന്റെ നേതൃത്വത്തിൻ കീഴിലുള്ളവരും തമ്മിൽ ഒന്നാമത്തെ ഭിന്നതയെ കൊണ്ടുവന്നു. ഞാൻ ഏഴര വർഷം ബെഞ്ചമിൻ ന്യൂട്ടന്റെ ഗ്രൂപ്പുമായി സഹകരിച്ചിരുന്നു. ആ സമയത്ത് ഞാൻ അവരുടെ എല്ലാ ഉപദേശങ്ങളും പഠിച്ചിരുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് മഹോപദ്രവത്തിനു ശേഷമുണ്ടാകുമെന്നു പറയുവാൻ അവർക്ക് തീർച്ചയായും ശക്തമായ ഒരു അടിത്തറ ഉണ്ടായിരുന്നു. കഴിഞ്ഞ 150 വർഷങ്ങളിലുള്ള ശ്രേഷ്ഠന്മാരായ എല്ലാ ഉപദേഷ്ടാക്കളുടെയും ഉത്തമ എഴുത്തുകൾ നിങ്ങൾ വായിക്കുന്നുവെങ്കിൽ, ചിലർ ക്രിസ്തുവിന്റെ രണ്ടാംവരവ് മഹോപദ്രവത്തിനു മുമ്പായിരിക്കുമെന്നും, മറ്റുള്ളവർ മഹോപദ്രവത്തിനു ശേഷമായിരിക്കുമെന്നു പഠിപ്പിച്ചതായി നിങ്ങൾ കണ്ടെത്തും.

കഴിഞ്ഞ നൂറ്റാണ്ടിൽ ജി. എച്ച്. പെംബെർ, റോബർട്ട് ഗോവെറ്റ്, ഡി. എം. പാന്റൺ എന്നീ ചില ശ്രദ്ധാലുക്കളായ വചന പഠിതാക്കളെ കർത്താവ് എഴുന്നേല്പിച്ചു. കർത്താവിന്റെ രണ്ടാംവരവ് ലളിതമായ ഒരു വിഷയമല്ലെന്ന് ഈ മനുഷ്യർ കണ്ടെത്തി. ഒരുവശത്ത്, ക്രിസ്തു മഹോപദ്രവത്തിനുശേഷം വരുമെന്നും, എന്നാൽ മറുവശത്ത്, അവൻ മഹോപദ്രവത്തിനുമുമ്പും വരുമെന്നും അവർ കണ്ടു. ശ്രദ്ധാലുക്കളായ ഈ വേദപുസ്തക പഠിതാക്കൾ ഈ വീക്ഷണത്തിന്റെ പിഴവില്ലായ്മയെ സ്ഥിരീകരിക്കുവാനുള്ള ശക്തമായ തെളിവ് നല്കിയിട്ടുണ്ട്. ക്രിസ്തുവിന്റെ മടങ്ങിവരവിന് കുറഞ്ഞത് രണ്ടു വശങ്ങളുണ്ട്—ഒന്ന് ഉപദ്രവത്തിനു മുമ്പും മറ്റേത് ഉപദ്രവത്തിനു ശേഷവും. കൂടാതെ, വിശുദ്ധന്മാരുടെ ഉൾപ്രാപണം രണ്ടു വിഭാഗങ്ങളേക്കാൾ കൂടുതലുണ്ടെന്നും ഈ വചന പഠിതാക്കൾ മനസ്സിലാക്കി. കുറച്ച് വിശുദ്ധന്മാർ ഉപദ്രവത്തിനുമുമ്പും മറ്റുള്ളവർ ഉപദ്രവത്തിനുശേഷവും എടുക്കപ്പെടുമെന്ന് ഇത് അർഥമാക്കുന്നു. വളരെ ധൃതിയിൽ ഇങ്ങനെയുള്ള പ്രസ്താവനകളോടു പ്രതികരിക്കരുത്. ഞാൻ യുവാവായിരുന്നപ്പോൾ ആ രീതിയിൽ പ്രതികരിച്ചിരുന്നു, എന്നാൽ ഒടുവിൽ ഞാൻ കീഴ്പെടുത്തപ്പെടുകയും ബോധ്യപ്പെടുകയും ചെയ്തു. വേദപുസ്തകം ചിലർ ചിന്തിക്കുന്നതുപോലെ ലളിതമല്ല.

ഈ ദൂതിൽ, ക്രിസ്തുവിന്റെ വീണ്ടുംവരവ് എന്ന വിഷയത്തെ നമുക്ക് ചിന്തിക്കാം. നമുക്കു മുമ്പെ പോയ വചന പഠിതാക്കൾക്കായി ദൈവത്തിന് നന്ദി പറയുന്നു. നാം അവരോട് കൃതജ്ഞതയുള്ളവരാണ്, നാം കാണുന്നതൊക്കെയും അവരുടെ തോളിന്മേൽ നിൽക്കുന്നവരായി നാം കാണുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിനെ നാം മനസ്സിലാക്കണമെങ്കിൽ, നാം വേദപുസ്തകം പഠിക്കുകയും, ഒപ്പം ശ്രേഷ്ഠരായ ഈ ഉപദേഷ്ടാക്കന്മാർ എഴുതിയ പുസ്തകങ്ങൾ വായിക്കുകയും വേണം. അപ്പോൾ

നമുക്ക് ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ ഒരു വീക്ഷണം ഉണ്ടായിരിക്കും. നാം ഇതു ചെയ്യുന്നുവെങ്കിൽ, ക്രിസ്തുവിന്റെ വരവിന് രണ്ടു വശങ്ങൾ—രഹസ്യവും സ്വകാര്യവുമായ വശവും, പരസ്യവും പൊതുവുമായ വശവും ഉണ്ടെന്ന പൂർണ്ണബോധ്യം നമുക്കുണ്ടാകും.

## I. രഹസ്യവശം

### A. ഒരു കള്ളനെപ്പോലെ വരുന്നു

മത്തായിയിലും വെളിപ്പാടിലും ക്രിസ്തുവിന്റെ വീണ്ടുംവരവിന്റെ രഹസ്യവശത്തെ നാം കാണുന്നു. വെളിപ്പാട് 3:3-ഉം 16:15-ഉം ക്രിസ്തു ഒരു കള്ളനെപ്പോലെ വരുമെന്നും നാം ജാഗ്രതയുള്ളവരായിരിക്കണമെന്നും നമ്മോടു പറയുന്നു. ഒരു കള്ളനും പരസ്യമായി വരുകയോ തന്റെ വരവിനെക്കുറിച്ച് വിളംബരംചെയ്യുകയോ ചെയ്യുന്നില്ല. നേരത്തെയുള്ള ഒരു ദൂതിൽ ചൂണ്ടിക്കാണിച്ചതുപോലെ, കർത്താവ് ഒരു കള്ളനെപ്പോലെ വരുമ്പോൾ, വിലയേറിയ സാധനങ്ങൾ മോഷ്ടിക്കുവാൻ അവൻ വരും. മത്തായി 24:40-41-ൽ അവന്റെ രഹസ്യവരവിനെക്കുറിച്ച് കർത്താവു സംസാരിച്ചു: "ആ സമയത്ത് രണ്ടു പുരുഷന്മാർ വയലിൽ ഉണ്ടായിരിക്കും; ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു. രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിക്കുകയായിരിക്കും; ഒരുവൾ എടുക്കപ്പെടുന്നു, ഒരുവൾ ഉപേക്ഷിക്കപ്പെടുന്നു." ഉദാഹരണങ്ങളായി വയലിലെ രണ്ടു സഹോദരന്മാരെയും പൊടിച്ചുകൊണ്ടിരിക്കുന്ന രണ്ടു സഹോദരിമാരെയും ഉപയോഗിക്കുന്നതിൽ കർത്താവായ യേശു വളരെ ജ്ഞാനിയായിരുന്നു. പ്രത്യക്ഷത്തിൽ രണ്ടു സഹോദരന്മാർ ഒരുപോലെയും രണ്ടു സഹോദരിമാർ ഒരുപോലെയും ആണ്. എന്നാൽ പെട്ടെന്ന് സഹോദരന്മാരിൽ ഒരുവനും സഹോദരിമാരിൽ ഒരുവളും എടുക്കപ്പെടുന്നു. ഈ ഉദാഹരണം നല്കിയതിനുശേഷം കർത്താവ് പറഞ്ഞു, "അതുകൊണ്ട്, നിങ്ങളുടെ കർത്താവ് ഏതു നാളിൽ വരുന്നു എന്ന് നിങ്ങൾ അറിയാത്തതിനാൽ, ഉണർന്നിരിക്കുവിൻ. എന്നാൽ ഇതറിഞ്ഞുകൊള്ളുവിൻ, കള്ളൻ ഏതു യാമത്തിൽ വരുന്നു എന്ന് വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ, അവൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കുത്തിത്തുറക്കപ്പെടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. ഇക്കാരണത്താൽ, നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിക്കുവിൻ." (വാ. 42-44). ക്രിസ്തു വരുന്നുവെന്ന ബോധം ഇല്ലാതെ, നാം ജോലി ചെയ്യുമ്പോൾ, നമ്മിൽ ചിലർ എടുക്കപ്പെടും. അവൻ ഒരു കള്ളനെപ്പോലെ വരുന്നതിനാൽ നാം ജാഗ്രതയുള്ളവരായിരിക്കണം.

## B. സമയം — അജ്ഞാതം

കർത്താവിന്റെ വരവിന്റെ സമയം അജ്ഞാതമാണ് (3:3; മത്താ. 24:36, 42; 25:13). ക്രിസ്തു വീണ്ടും വരുമ്പോൾ അവൻ അയയ്ക്കപ്പെട്ടവനായി വരും. ഇതുനിമിത്തം, വെളിപ്പാടിൽ അവനെ ദൈവത്താൽ അയയ്ക്കപ്പെട്ട ദൂതൻ എന്നു വിളിക്കുന്നു. അവന്റെ രണ്ടാം വരവിൽ, അവന്റെ ഒന്നാം വരവിലെന്നപോലെ, ക്രിസ്തു ദൈവത്താൽ അയയ്ക്കപ്പെട്ടവനായി വരും. ഇക്കാരണത്താലാണ് ക്രിസ്തുവിന്റെ രഹസ്യവരവിന്റെ സമയം പിതാവു മാത്രം അറിയുന്നത് (മത്താ. 24:36; മർക്കൊ. 13:32). പിതാവ് അയയ്ക്കുന്നവനും പുത്രൻ അയയ്ക്കപ്പെട്ടവനും ആണ്. അയയ്ക്കപ്പെടുന്നവനല്ല, അയച്ചവനു മാത്രമേ സമയം അറിയുവാൻ കഴിയുകയുള്ളൂ.

കർത്താവായ യേശുവിനേക്കാൾ കൂടുതൽ അറിയുന്നവരെപ്പോലെ ചില ആളുകൾ കർത്താവിന്റെ വരവിന്റെ സമയം മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട്. കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ നിരവധി പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും യാതൊന്നും നിറവേറിയില്ല. ഒരു പ്രത്യേക സമയത്ത് വരുമെന്നും ജനം കുളിച്ച് വൃത്തിയുള്ള വെള്ള വസ്ത്രം ധരിച്ച് തങ്ങളെത്തന്നെ ഒരുക്കണമെന്നും ചിലർ പ്രവചിച്ചിട്ടുണ്ട്. മറ്റു ചിലർ കർത്താവിന്റെ മടങ്ങിവരവിനെ കാത്തിരിക്കുവാൻ മലമുകളിൽ കയറി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം, അനേകം ഉപദേഷ്ടാക്കന്മാർ പ്രവചനത്തെക്കുറിച്ചുള്ള, പ്രത്യേകിച്ചും കർത്താവിന്റെ മടങ്ങിവരവിനെ സംബന്ധിച്ച, പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഈ എഴുത്തുകാരിൽ ചിലർ കർത്താവിന്റെ വരവിന്റെ സമയവും മുൻകൂട്ടി പ്രവചിച്ചു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ഈ പ്രവചനങ്ങളെല്ലാം തെറ്റാണെന്നു തെളിയിക്കപ്പെട്ടു. യാതൊന്നും മുൻകൂട്ടി പ്രവചിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. വേദപുസ്തകമനുസരിച്ച്, കർത്താവിന്റെ രഹസ്യവരവിന്റെ സമയം അജ്ഞാതമാണ്.

## C. സ്ഥലം — മേഘത്തിൽ ആകാശത്തിലേക്ക്

കർത്താവിന്റെ രഹസ്യവരവിന്റെ സ്ഥലം മേഘത്തിൽ ആകാശത്തിലേക്കായിരിക്കും (10:1; 1 തെസ്സ. 4:17). മേഘം കർത്താവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ടതാണ്. ക്രിസ്തു ഒരു മേഘത്തിൽ സ്വർഗത്തിലേക്കു പോയി, അവൻ അതേ രീതിയിൽ ഭൂമിയിലേക്കു മടങ്ങിവരും (പ്രവൃ. 1:9; 11; മത്താ. 26:64; വെളി. 14:14). മത്തായി 26:64-ൽ മഹാപുരോഹിതനോട് കർത്താവായ യേശു പറഞ്ഞു, "ഇനി മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്തു ഇരിക്കുന്നതും ആകാശത്തിലെ മേഘങ്ങളിന്മേൽ വരുന്നതും നിങ്ങൾ കാണും." കർത്താവിന്റെ മേഘത്തിലുള്ള വരവിൽപോലും രണ്ടു വശങ്ങളുണ്ട്. ഒന്നാമത്, കർത്താവ് മേഘത്തിൽ വരും.

ഇത് അർഥമാക്കുന്നത് അവൻ മേഘത്താൽ മറയ്ക്കപ്പെട്ടിരിക്കും എന്നാണ്. രണ്ടാമത്, അവൻ മേഘത്തിന്മേലിരുന്നു വരും. അവൻ മേഘത്തിൽ വരുമ്പോൾ, അവൻ ഭൂമിയിലേക്കല്ല, ആകാശത്തിലേക്കാണു വരുന്നത്. അവൻ മേഘംകൊണ്ട് പൊതിയപ്പെട്ടവനായിരിക്കും എന്നു സൂചിപ്പിച്ചുകൊണ്ട് അവൻ മേഘം ധരിച്ച് സ്വർഗത്തിൽനിന്ന് ഇറങ്ങി വരുമെന്ന് വെളിപ്പാട് 10:1 വെളിപ്പെടുത്തുന്നു. വളരെ പെട്ടെന്ന് അവൻ സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങുമെന്നു ചിന്തിക്കരുത്. ക്രിസ്തു ഇപ്പോൾ മൂന്നാം സ്വർഗത്തിൽ സിംഹാസനത്തിലാണ്. ശരിയായ സമയം വരുമ്പോൾ, പിതാവ് അവനെ സിംഹാസനത്തിൽനിന്നും ആകാശത്തിൽ മേഘത്തിലേക്ക് അയയ്ക്കും. പിന്നീടുള്ള ദൂതുകളിൽ നാം കാണുവാൻ പോകുന്നതുപോലെ, സ്വർഗത്തിലുള്ള സിംഹാസനത്തെ അവൻ വിടുന്നതിനുമുമ്പ് ചില ജയാളികൾ സിംഹാസനത്തിലേക്ക് എടുക്കപ്പെട്ടിരിക്കും. ആൺകുട്ടി ആകാശത്തിലേക്കല്ല, ദൈവത്തിന്റെ സിംഹാസനത്തിലേക്കാണ് എടുക്കപ്പെടുന്നതെന്ന് വെളിപ്പാട് 12 കാണിക്കുന്നു. കർത്താവായ യേശുവിന്റെ രഹസ്യവരവിനു മുമ്പുപോലും ചില ജയാളികൾ എടുക്കപ്പെട്ടിരിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. വെളിപ്പാട് 14-ൽ നാം സ്വർഗത്തിലെ സീയോൻമലയിൽ ആദ്യഫലത്തെ കാണുന്നു. സ്വർഗത്തിലെ സീയോൻമല മൂന്നാം സ്വർഗത്തിൽ ദൈവം ഇരിക്കുന്ന സ്ഥലമാണ്; അത് ആകാശത്തിലല്ല. ആദ്യഫലം സ്വർഗത്തിലുള്ള സീയോൻമലയിലായിരിക്കുമെന്നത് ആദ്യ ജയാളികളിൽ ചിലർ ക്രിസ്തുവിന്റെ രഹസ്യവരവിനുമുമ്പ് മൂന്നാം സ്വർഗത്തിലേക്ക് എടുക്കപ്പെടുമെന്നു തെളിയിക്കുന്നു. നേരത്തെയുള്ള ഈ ജയാളികൾ ഉൾപ്രാപിതരായതിനുശേഷം ക്രിസ്തു സ്വർഗത്തിൽനിന്നും മേഘത്തിൽ ആകാശത്തിലേക്ക് രഹസ്യമായി ഇറങ്ങിവരും.

കർത്താവായ യേശു ആകാശത്തിലായിരിക്കുമ്പോൾ നിരവധി കാര്യങ്ങൾ ചെയ്യും. മുഖ്യമായും, ഇതുവരെയും ഉൾപ്രാപിതരാകാത്ത സകല വിശ്വസികളെയും അവൻ മുകളിലേക്കെടുക്കും. ക്രിസ്തു മേഘത്തിൽ ആകാശത്തിലേക്കു വരുന്നതിനുശേഷവും അനേകം വിശുദ്ധന്മാർ ഉൾപ്രാപിതരാകുകയില്ല. അങ്ങനെ, അവൻ ആകാശത്തിലായിരിക്കുമ്പോൾ, മഹോപദ്രവത്തിലൂടെ കടന്നു പോകേണ്ടിവരുന്ന ക്രിസ്ത്യാനികളെ അവൻ ഉൾപ്രാപണം ചെയ്യും. ജീവനോടിരിക്കുന്ന, ശേഷിച്ചവരെ ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ എടുക്കപ്പെടുമെന്ന് 1 തെസ്സലൊനീക്യർ 4:17 പറയുന്നു. പിന്നീട് ആകാശത്തിൽ ക്രിസ്തു തന്റെ ന്യായാസനം സ്ഥാപിക്കും. ഈ ന്യായാസനം പാപികൾക്കു വേണ്ടിയല്ല, രക്ഷിക്കപ്പെട്ടവർക്കു വേണ്ടിയാണ്; ഇത് രക്ഷയെയോ നാശത്തെയോ സംബന്ധിച്ചായിരിക്കില്ല, പിന്നെയോ പ്രതിഫലത്തെയോ

ശിക്ഷയെയോ സംബന്ധിച്ചായിരിക്കും. ഈ ന്യായവിധി നടപ്പാക്കിയതിനുശേഷം വിശുദ്ധന്മാരിൽ ചിലർ അനുലോമപരമായ പ്രതിഫലം സ്വീകരിക്കുവാൻ തിരഞ്ഞെടുക്കപ്പെടും.

വേദപുസ്തകമനുസരിച്ച്, നമ്മെ സംബന്ധിച്ച് ദൈവത്തിന് രണ്ടു തിരഞ്ഞെടുപ്പുകളുണ്ടായിരുന്നു. ഒന്നാമതായി, കഴിഞ്ഞകാല നിത്യതയിൽ ലോകസ്ഥാപനത്തിനുമുമ്പ് അവൻ നമ്മെ തിരഞ്ഞെടുത്തു (എഫെ. 1:4); രണ്ടാമതായി, കർത്താവ് ആകാശത്തു വരികയും ആകാശത്തിലേക്ക് സകല വിശുദ്ധന്മാരെയും ഉൾപ്രാപണം ചെയ്യുകയും ചെയ്തതിനുശേഷം അവൻ രണ്ടാമത്തെ തിരഞ്ഞെടുപ്പു നടത്തും. കഴിഞ്ഞകാല നിത്യതയിലെ ഒന്നാമത്തെ തിരഞ്ഞെടുപ്പ് രക്ഷയ്ക്കുവേണ്ടി ആയിരുന്നെങ്കിൽ, ആകാശത്തിൽവച്ചുള്ള ക്രിസ്തുവിന്റെ ന്യായാസനത്തിലെ രണ്ടാമത്തെ തിരഞ്ഞെടുപ്പ് പ്രതിഫലത്തിനു വേണ്ടി ആയിരിക്കും. നാം എല്ലാവരും രക്ഷയ്ക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടുവെങ്കിലും, നാം പ്രതിഫലം സ്വീകരിക്കുമോ ഇല്ലയോ എന്നത് ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള രണ്ടാമത്തെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചായിരിക്കും. ഈ ന്യായവിധിയെ ജയിക്കാത്ത രക്ഷിക്കപ്പെട്ടവരെ ശിക്ഷണം സഹിക്കുന്നതിന് മറ്റൊരിടത്ത് ആക്കിവയ്ക്കും. പിന്നീട് ക്രിസ്തു അനുലോമരായവരെ അവന്റെ സൈന്യമായി അവനോടുകൂടെ ഭൂമിയിലേക്ക് കൊണ്ടുവരും. ആ സമയം, അവൻ മേഘത്തിലായിരിക്കുകയില്ല, മേഘത്തിന്മേലായിരിക്കും. അങ്ങനെ, കർത്താവിന്റെ വരവിന് കുറഞ്ഞത് രണ്ടു പടികൾ ഉണ്ടായിരിക്കും. ഒന്നാമത്തെ പടിയിൽ ക്രിസ്തു സ്വർഗത്തിലെ സിംഹാസനം വെടിഞ്ഞ് മേഘത്തിൽ പൊതിയപ്പെട്ടവനായി ആകാശത്തിലേക്ക് ഇറങ്ങിവരികയും അവിടെ ഒരു സമയത്തേക്ക് തുടരുകയും ചെയ്യും. പിന്നീട്, ആകാശത്തുനിന്നും അവൻ മേഘത്തിന്മേൽ ഭൂമിയിലേക്കു വരുന്ന രണ്ടാമത്തെ പടി എടുക്കും. ഇത് അവന്റെ മടങ്ങിവരവിന്റെ രണ്ടാമത്തെ വശമായിരിക്കും.

## D. ഉണർന്നിരിക്കുന്ന വിശ്വാസികൾക്കുള്ള പ്രതിഫലമായി

ക്രിസ്തുവിന്റെ രഹസ്യവരവ് ഉണർന്നിരിക്കുന്ന വിശ്വാസികൾക്കുള്ള പ്രതിഫലമായിരിക്കും (2:28; മത്താ. 24:42, 44). ക്രിസ്തു ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടുമെന്ന് വെളിപ്പാട് 2:28 പറയുകയും, അവൻ സൂര്യനായി പ്രത്യക്ഷപ്പെടുമെന്ന് മലാഖി 4:2 വെളിപ്പെടുത്തുകയും ചെയ്യുന്നു. ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടുന്നതും സൂര്യനായി പ്രത്യക്ഷപ്പെടുന്നതും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ട്. നിങ്ങൾക്ക് ഉദയസൂര്യനെ കാണണമെങ്കിൽ നിങ്ങൾ അതിരാവിലെ ഉണരണം. നിങ്ങൾ താമസിച്ച് ഉറങ്ങുന്നുവെങ്കിൽ അത് നഷ്ടമാക്കും. എന്നാൽ,

നിങ്ങൾ എത്ര താമസിച്ചുറങ്ങിയാലും, നിങ്ങൾ സൂര്യപ്രകാശം നഷ്ടമാക്കുകയില്ല. നിങ്ങൾ ക്രിസ്തുവിനെ ഉദയനക്ഷത്രമായിട്ടാണോ, സൂര്യനായിട്ടാണോ സന്ധിക്കുവാൻ പ്രതീക്ഷിക്കുന്നത്? ഉദയനക്ഷത്രത്തിന്റെ പ്രത്യക്ഷത രഹസ്യവും, എന്നാൽ സൂര്യന്റെ പ്രത്യക്ഷത പരസ്യവും ആണ്. നാം ഉണർന്നിരിക്കുന്നവരും അവന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവരുമാണെങ്കിൽ അവൻ നമുക്ക് ഉദയസൂര്യനായി പ്രത്യക്ഷനാകുമെന്ന് കർത്താവു വാഗ്ദത്തം ചെയ്തു. ഇത് ഒരു പ്രതിഫലത്തിന്റെ വാഗ്ദത്തമാണ്. എന്നാൽ നാം അലസരാണെങ്കിൽ തീർച്ചയായും ഉദയസൂര്യനെ നഷ്ടമാക്കും.

ക്രിസ്തുവിന്റെ മടങ്ങിവരവ് അവൻ സിംഹാസനം വെടിയുകയും പെട്ടെന്നും നേരിട്ടും ഭൂമിയിലേക്കു വരുകയും ചെയ്യുന്ന ലളിതമായ ഒരു കാര്യമാണെന്ന് ഒരിക്കലും ചിന്തിക്കരുത്. അവൻ കുറച്ച് സമയത്തേക്ക് ആകാശത്തിലായിരിക്കും. ആദ്യ ജയാളികൾ, മൂന്നര വർഷം നീണ്ടുനിൽക്കുന്ന മഹോപദ്രവം വരുന്നതിന്റെ ഒരു ആമുഖമായ, ഒരു മുന്നറിയിപ്പായ, ആറാം മുദ്രയ്ക്കുമുമ്പ് എടുക്കപ്പെടും. എപ്പോൾ ക്രിസ്തു സ്വർഗത്തിലുള്ള തന്റെ സിംഹാസനം വിടുകയും ആകാശത്തിലേക്ക് ഇറങ്ങിവരുകയും ചെയ്യുമെന്ന് ആർക്കും പറയുവാൻ കഴിയുകയില്ല. എങ്കിലും, അത് ഏറെക്കുറെ മഹോപദ്രവത്തിനു മുമ്പായിരിക്കണം. ക്രിസ്തുവിന്റെ ആകാശത്തിലേക്കുള്ള ഇറങ്ങിവരവിനും ഭൂമിയിലേക്കുള്ള ഇറങ്ങിവരവിനും ഇടയിൽ ഒരു ഇടവേള ഉണ്ടായിരിക്കും. ഈ ഇടവേളയിൽ, അവൻ വിശുദ്ധന്മാരുടെ ഉൾപ്രാപണം പൂർത്തിയാക്കുകയും എതിർക്രിസ്തുവിന്റെ സൈന്യത്തിനെതിരായി യുദ്ധംചെയ്യുന്ന തന്റെ സൈന്യമായിരിക്കുവാനുള്ള ജയാളികളെ തിരഞ്ഞെടുക്കുവാൻ സകല വിശുദ്ധന്മാരുടെയുംമേൽ തന്റെ ന്യായവിധി നടപ്പാക്കുകയും ചെയ്യും.

## II. പരസ്യവശം

### A. ദേശത്തിലെ സകല ഗോത്രങ്ങളാലും കാണപ്പെടുന്നു

നാം കണ്ടതുപോലെ, അവന്റെ വീണ്ടുംവരവിന്റെ രഹസ്യവശത്തിൽ, ക്രിസ്തു ഒരു കള്ളനെപ്പോലെ വരും. എന്നാൽ പരസ്യവശത്തിൽ, അവൻ ശക്തിയോടും തേജസ്സോടുംകൂടെ ദേശത്തിലെ സകലഗോത്രങ്ങളാലും കാണപ്പെടുന്നവനായി വരും (1:7; മത്താ. 24:27, 30). വെളിപ്പാട് 1:7 പറയുന്നു, "ഇതാ, അവൻ മേഘങ്ങളോടുകൂടെ വരുന്നു, ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും, അവനെ കാണും; ദേശത്തിലെ സകല ഗോത്രങ്ങളും അവനെച്ചൊല്ലി വിലപിക്കും. അതെ, ആമേൻ." മിന്നൽ കിഴക്കുനിന്നും പുറപ്പെട്ട് പടിഞ്ഞാറോളം ആകാശത്തു വിളങ്ങുംപോലെ കർത്താവു പ്രത്യക്ഷനാകും. ഇതും ഒരു

കള്ളനെപ്പോലെയുള്ള അവന്റെ രഹസ്യവരവിനും തമ്മിൽ എന്തൊരു വ്യത്യാസം! വെളിപ്പാട് 1:7 "ദേശത്തിലെ സകല ഗോത്രങ്ങളെ" പരാമർശിക്കുന്നു. *ദേശം* എന്നതിനുള്ള യവനപദത്തെ *ഭൂമി* എന്നും പരിഭാഷപ്പെടുത്താം. ഇത് ഈ വാക്യത്തിന്റെ പരിഭാഷകരെ വിഷമിപ്പിച്ചിട്ടുണ്ട്, കാരണം ഇതിനെ *ദേശം* എന്നാണോ അതൊ *ഭൂമി* എന്നാണോ പരിഭാഷപ്പെടുത്തേണ്ടതെന്ന് അവർക്ക് നിശ്ചയമില്ലായിരുന്നു. ചില ഭാഷ്യങ്ങൾ *ദേശം* എന്നും ചില ഭാഷ്യങ്ങൾ *ഭൂമി* എന്നും പറയുന്നു. വളരെ പഠനത്തിനുശേഷം ഈ വാക്യത്തിലെ യവനപദത്തെ *ദേശം* എന്നു പരിഭാഷപ്പെടുത്തണമെന്ന് ഞാൻ തീരുമാനിച്ചു. മറ്റു വാക്യങ്ങളിൽ ഇതിനെ ഭൂമി എന്നു പരിഭാഷപ്പെടുത്താം, എന്നാൽ ഇവിടെ അത് വിശുദ്ധദേശത്തെ പരാമർശിക്കുന്ന *ദേശം* ആയിരിക്കണം. വിശുദ്ധദേശത്തിലെ സകല ഗോത്രങ്ങളും അവനെ കാണും. ഇതു പറയുവാനുള്ള ആധാരം സെഖര്യാവ് 12:10-14 ആണ്. തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കുമെന്നും ദേശം അവനുവേണ്ടി വിലപിക്കുമെന്നും അതു പറയുന്നു. 1:7-ൽ പറഞ്ഞിരിക്കുന്ന ഗോത്രങ്ങൾ അവനെ കുത്തിയവരുടെ ഗോത്രങ്ങളാണ്. വെളിപ്പാട് 1:7 തീർച്ചയായും സെഖര്യാവ് 12-നെ പരാമർശിക്കുന്നതാണ്. സെഖര്യാവ് 12-ന്റെ സന്ദർഭമനുസരിച്ച്, ഗോത്രങ്ങൾ ഭൂമിയിലെ സകല രാഷ്ട്രങ്ങളുമല്ല, പിന്നെയോ വിശുദ്ധദേശത്തുള്ള പന്ത്രണ്ടു ഗോത്രങ്ങളാണ്. ഇതിനെ ആധാരമാക്കി, 1:7-ലെ ഗോത്രങ്ങൾ വിശുദ്ധദേശത്തുള്ള പന്ത്രണ്ടു ഗോത്രങ്ങളാണെന്ന് നമുക്കു പറയുവാൻ കഴിയും. വിശുദ്ധദേശത്തുള്ള സകലരാലും കാണപ്പെടുവാൻ ശക്തിയോടും തേജസ്സോടുംകൂടെ വരുന്നവനായി, മിന്നൽപോലെ കർത്താവ് പ്രത്യക്ഷനാകുമ്പോൾ, പന്ത്രണ്ടു ഗോത്രങ്ങളും അവനെ കാണുകയും വിലപിക്കുകയും ചെയ്യും.

Mon

## B. സമയം — മഹോപദ്രവത്തിന്റെ അവസാനം

രഹസ്യവശത്തിലുള്ള ക്രിസ്തുവിന്റെ വരവിന്റെ നാളും നാഴികയും അറിയാതിരിക്കുമ്പോൾ (മത്താ. 24:36) രണ്ടാമത്തെ വശത്തിലുള്ള അവന്റെ വരവിന്റെ സമയം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. അത് മഹോപദ്രവത്തിന്റെ അവസാനം (18:1; മത്താ. 24:15, 21, 27; 1 തെസ്സ. 4:16; 1 കൊരി. 15:52; 2 തെസ്സ. 2:1-4, 8), അവസാനത്തെ കാഹളത്തിങ്കൽ (ഏഴാമത്തെ കാഹളം) ആണ്. മത്തായി 24:15 പറയുന്നു, "ദാനീയേൽ പ്രവാചകനിലൂടെ അരുളിച്ചെയ്യപ്പെട്ടതായ ശൂന്യതയുടെ മ്ലേച്ഛത വിശുദ്ധസ്ഥലത്ത് നിൽക്കുന്നതു കാണുമ്പോൾ." "ശൂന്യതയുടെ മ്ലേച്ഛത" എതിർക്രിസ്തുവിന്റെ പ്രതിമയായ ഒരു വിഗ്രഹമാണ്. ദാനീയേൽ 9:27 അനുസരിച്ച്, എതിർക്രിസ്തു ഏഴു വർഷത്തേക്ക് യിസ്രായേൽ രാഷ്ട്രവുമായി ഒരു ഉടമ്പടി ഉണ്ടാക്കും. ഈ ഏഴു വർഷത്തിന്റെ മധ്യത്തിൽ, അവൻ

ഈ ഉടമ്പടി ലംഘിക്കുകയും യെഹൂദന്മാരെ ഉപദ്രവിക്കുവാൻ തുടങ്ങുകയും ചെയ്യും. എതിർക്രിസ്തു പൂർണമായും ദൈവത്തിന് എതിരായിരിക്കുകയും, അവന്റെതന്നെ ഒരു പ്രതിമ ആലയത്തിൽ സ്ഥാപിച്ചുകൊണ്ടും അതിനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിച്ചുകൊണ്ടും അവനെത്തന്നെ ദൈവമായി അവരോധിക്കുകയും ചെയ്യും. ദൈവത്തിന്റെ ദൃഷ്ടിയിൽ, ഇത് വലിയ നാശത്തിന് ഇടയാക്കുന്ന മ്ലേച്ഛതയായിരിക്കും. ഇത് ദാനിയേൽ 9-ൽ പറഞ്ഞിരിക്കുന്ന എഴുപത് ആഴ്ചവട്ടത്തിന്റെ അവസാനത്തിന്റെ മധ്യത്തിൽ സംഭവിക്കും. ദാനിയേൽ 9-ൽ ഒരു ആഴ്ചവട്ടം ഏഴു വർഷത്തെ കുറിക്കുന്നു. യെഹൂദ വിശ്വാസികൾ ഇതു കാണുമെന്ന് മത്തായി 24:15-ൽ കർത്താവായ യേശു സൂചിപ്പിക്കുന്നു. മത്തായി 24:21 വെളിപ്പെടുത്തുന്നതുപോലെ, ഇത് മഹോപദ്രവത്തിന്റെ ആരംഭത്തിന് അടയാളം കുറിക്കും: "ലോകാരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും, ഒരുവിധത്തിലും ഇനിമേൽ സംഭവിക്കാത്തതുമായ, ഒരു മഹോപദ്രവം ഉണ്ടാകും." അതിനാൽ, എതിർക്രിസ്തു ആലയത്തിൽ തന്റെ പ്രതിമ സ്ഥാപിക്കുകയും അതിനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുന്ന സമയം മഹോപദ്രവം ആരംഭിക്കും. കർത്താവിന്റെ പരസ്യവരവ് മഹോപദ്രവത്തിനു മുമ്പുണ്ടാകുകയില്ലെന്ന് ഈ വാക്യങ്ങളാൽ നമുക്കു കാണുവാൻ കഴിയും. അത് മഹോപദ്രവം തുടങ്ങിയതിനുശേഷം അല്പം കഴിഞ്ഞ് സംഭവിക്കണം. വെളിപ്പാടിലെ വാക്യങ്ങളനുസരിച്ച്, അത് മഹോപദ്രവത്തിന്റെ അവനസാനത്തോടടുത്തായിരിക്കും. പുതിയനിയമമനുസരിച്ച് കർത്താവായ യേശു സ്വർഗത്തിലെ തന്റെ സിംഹാസനം വിടുകയും മഹോപദ്രവത്തിനുമുമ്പ് ആകാശത്തിലേക്ക് ഇറങ്ങിവരുകയും ചെയ്യും. അവിടെനിന്ന്, മഹോപദ്രവത്തിന്റെ അവസാനം അടുക്കുമ്പോൾ അവൻ ഭൂമിയിലേക്ക് പരസ്യമായി ഇറങ്ങിവരും.

ക്രിസ്തു ആകാശത്തുനിന്നും ഭൂമിയിലേക്ക് പരസ്യമായി വരുമ്പോൾ, അത് എതിർക്രിസ്തു മുഴുവൻ യിസ്രായേൽ രാഷ്ട്രത്തെയും ഉന്മൂലനാശം വരുത്തുവാൻ ഉദ്യമിക്കുന്ന ഒരു സമയമായിരിക്കും. ഈ ഉദ്ദേശ്യത്തിനുവേണ്ടി എതിർക്രിസ്തു അവന്റെ സൈന്യത്തെ ഹർമ്മഗെദ്ദോൻ എന്നു വിളിക്കുന്ന ഒരു സ്ഥലത്ത് ഒന്നിച്ചുകൂട്ടും (16:16). ഇത് ദൈവത്തിന്റെ ഉദ്ദേശ്യമനുസരിച്ചായിരിക്കും, കാരണം ദൈവത്തിന്റെ പദ്ധതി സകല ഭൗമിക സൈന്യങ്ങളെയും ഹർമ്മെദ്ദോനിൽ ഒരുമിച്ച് സമ്മേളിപ്പിക്കുകയും അവിടെ അവരെ നശിപ്പിക്കുകയും അവരെ ഭൂമിയിൽനിന്ന് ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ്. എതിർക്രിസ്തുവിന്റെ ഇംഗിതം യിസ്രായേൽരാഷ്ട്രത്തെ ഉന്മൂലനാശം വരുത്തുവാൻ അവന്റെ സൈന്യത്തെ ഉപയോഗിക്കുക എന്നതായിരിക്കും.

യിസ്രായേൽ അവന്റെ സൈന്യത്താൽ ചുറ്റപ്പെട്ട് രക്ഷാമാർഗം ഇല്ലാതെയിരിക്കും. ആ സന്ദർഭത്തിൽ, രക്ഷപ്പെടൽ അസാധ്യമായിരിക്കുമ്പോൾ, കർത്താവ് മിന്നൽപോലെ പ്രത്യക്ഷമാകുകയും അവന്റെ പാദം ഒലീവുമലയുടെമേൽ വയ്ക്കുകയും ചെയ്യും (സെഖ. 14:4). ഈ സമയത്തിനുമുമ്പ്, യിസ്രായേൽരാഷ്ട്രം കർത്താവായ യേശുവിൽ വിശ്വസിക്കുകയില്ല, എന്നാൽ എതിർക്രിസ്തുവിന്റെ സൈന്യത്തിന്റെ ഭീഷണി മാനസാന്തരപ്പെടുവാൻ അവരെ നിർബന്ധിക്കും. കർത്താവായ യേശു തന്റെ പാദം ഒലീവുമലയിൽ വയ്ക്കുമ്പോൾ, അത് രണ്ടായി പിളരും. ഇത് ഉപദ്രവിക്കപ്പെട്ട യെഹൂദന്മാർക്ക് രക്ഷപ്പെടാനുള്ള ഒരു വഴി നല്കും, അപ്പോൾ അവർ മാനസാന്തരപ്പെടുകയും, വിലപിക്കുകയും, കർത്താവിനെ ക്രൂശിച്ചതിൽ അവർ ചെയ്തതിനെച്ചൊല്ലി ഏറ്റുപറയുകയും ചെയ്യും.

എല്ലാ വാക്യങ്ങളെയും നാം ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, കർത്താവിന്റെ പരസ്യവരവ് മഹോപദ്രവത്തിന്റെ അവസാനത്തോടടുത്തായിരിക്കുമെന്ന് നമുക്ക് കാണുവാൻ കഴിയും. യെരൂശലേമിൽ ആലയം പുനർനിർമിക്കാതിരിക്കുന്നിടത്തോളം കർത്താവായ യേശുവിന് പരസ്യമായി മടങ്ങിവരുന്നത് അസാധ്യമാണ്. അവന്റെ പരസ്യവരവിന്റെ സമയത്തെക്കുറിച്ച് നമുക്ക് അല്പം ധാരണ ഉണ്ടെങ്കിലും, അവന്റെ രഹസ്യവരവിന്റെ സമയം നമുക്ക് അറിയില്ല. അത് ആരും അറിയുന്നില്ലെന്ന് വേദപുസ്തകം പറയുന്നു. എങ്കിലും, ക്രിസ്തുവിന്റെ പരസ്യവരവ് മഹോപദ്രവത്തിനു മുമ്പാകയില്ലെന്ന്, അതായത്, എതിർക്രിസ്തു തന്റെ പ്രതിമയെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുന്നതിനു മുമ്പാകയില്ലെന്ന്, പുതിയനിയമം വ്യക്തമായി വെളിപ്പെടുത്തുന്നു. എന്നാൽ നാം കർത്താവിന്റെ പരസ്യവരവിനായി കാത്തിരിക്കുന്നില്ല; നാം അവന്റെ രഹസ്യവരവിനായാണ് കാത്തിരിക്കുന്നത്. ഇത് നമ്മെ ഉണർന്നിരിക്കുവാൻ ഇടയാക്കും എന്നറിഞ്ഞുകൊണ്ട്, ഈ വിഷയത്തിൽ കർത്താവ് വളരെ ജ്ഞാനിയാണ്.

## C. സ്ഥലം — മേഘത്തിൽ ഭൂമിയിലേക്ക്

കർത്താവിന്റെ മടങ്ങിവരവിന്റെ പരസ്യവശത്തിന്റെ സ്ഥലം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട് — മേഘത്തിൽ ഭൂമിയിലേക്ക് (1:7; 14:14; മത്താ. 24:30; സെഖ. 14:4; പ്രവൃ. 1:11-12). പ്രവൃത്തികൾ 1:11-12 അനുസരിച്ച് കർത്താവ് സ്വർഗത്തിലേക്കു പോയ അതേ രീതിയിൽ വരും. അവൻ ഒലിവുമലയിൽനിന്ന് ആരോഹണം ചെയ്തതിനാൽ, ഇത് അർഥമാക്കുന്നത് അവൻ ഒലിവുമലയിലേക്ക് മടങ്ങിവരും എന്നാണ്. സെഖര്യാവ് 14:4 പറയുന്നു, "അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും." ഈ വാക്യം വ്യക്തമാക്കുന്നതുപോലെ,

ഒലിവുമല യെരൂശലേം മതിലിനു പുറത്താണ്, പട്ടണത്തിൽനിന്നും വളരെ അകലെയല്ലതാനും. താൻ ആരോഹണംചെയ്ത അതേ ഇടത്തേക്ക് കർത്താവ് ഇറങ്ങിവരും. എന്നാൽ, അവനെ ഒലിവുമലയിൽ കാണുവാനല്ല നാം കാത്തിരിക്കുന്നത്. മൂന്നാം സ്വർഗത്തിലുള്ള സിംഹാസനത്തിൽ അവനെ സന്ധിക്കുവാനും, പിന്നീട് അവനോടൊത്ത് ഒലിവുമലയിലേക്കു മടങ്ങിവരുവാനും നാം ആഗ്രഹിക്കുന്നു. അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തിരിക്കുന്നതിനാൽ, സ്വർഗത്തിലേക്ക് ഉൾപ്രാപിതരാകുവാൻ നാം കാത്തിരിക്കുന്നു. മരിച്ചിട്ട് സ്വർഗത്തിലേക്കു പോകുവാനല്ല നാം കാത്തിരിക്കുന്നത്. ഇതു മതപരമാണ്. ഒന്നാമത് ആകാശത്തിലേക്കും പിന്നീട് ഭൂമിയിലേക്കും ക്രിസ്തുവിനോടുകൂടെ മടങ്ങിവരേണ്ടതിന് നമ്മുടെ മുഴുവൻ ആളത്തവും മൂന്നാം സ്വർഗത്തിലേക്ക്, ദൈവത്തിന്റെ സിംഹാസനത്തിലേക്ക്, എടുക്കപ്പെടുവാൻ നാം കാത്തിരിക്കുന്നു. ഈ രീതിയിലായിരിക്കും നാം യെരൂശലേം സന്ദർശിക്കുന്നത്. നാം അവിടെ പോകുന്നത് മൂന്നാം സ്വർഗത്തിലെ സിംഹാസനത്തിന്റെ മാർഗത്തിലായിരിക്കും. എന്നാൽ, നിങ്ങൾ പരാജിതരാണെങ്കിൽ, യെരൂശലേമിലേക്കുള്ള ഈ സന്ദർശനം നിങ്ങൾ നഷ്ടപ്പെടുത്തും.

## D. എതിർക്രിസ്തുവിനും അവന്റെ സൈന്യത്തിനുമെതിരായി ഹർമ്മഗെദ്ദോനിൽ യുദ്ധംചെയ്യുവാൻ ജയാളികളായ വിശുദ്ധന്മാരോടുകൂടെ

കർത്താവായ യേശു പരസ്യമായി വരുമ്പോൾ, അവൻ ഹർമ്മഗെദ്ദോനിൽ എതിർക്രിസ്തുവിനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാനുള്ള ജയാളികളായ വിശുദ്ധന്മാരുമായി വരും (19:11-21; 17:13-14; 16:12-16; സെഖ. 14:3, 5; 2 തെസ്സ. 2:8). ഇത് ദൈവകോപത്തിന്റെ ചക്കു മെതിക്കുവാനായിരിക്കും (19:15; 14:18-20). ചിലർ കിഴക്കുനിന്നും, ചിലർ വടക്കുനിന്നും, മറ്റുചിലർ യൂറോപ്പിൽനിന്നും വന്ന് ഹർമ്മഗെദ്ദോനിൽ, എല്ലാ ലൗകിക സൈന്യങ്ങളും ഒരുമിച്ചു കൂട്ടിച്ചേർക്കപ്പെടും. എല്ലാ ഭൗമികശക്തികളെയും ഇങ്ങനെ ഒരുമിച്ചു കൂട്ടിച്ചേർക്കുന്നത് ദൈവത്തിന്റെ ജ്ഞാനമനുസരിച്ചായിരിക്കും. ഒടുവിൽ, ലോകത്തിന്റെ ധനമൊക്കെയും മധ്യപൂർവ പ്രദേശത്ത് കേന്ദ്രീകൃതമാകും, സകല രാഷ്ട്രങ്ങളും അവയെ പിടിച്ചെടുക്കുവാൻ അത്യാഗ്രഹമുള്ളവരായിരിക്കും. ഭൂമിയിലുള്ള സൈന്യങ്ങളൊക്കെയും ഹർമ്മഗെദ്ദോനിൽ സമ്മേളിക്കുമ്പോൾ, "നിങ്ങൾ തയ്യാറാണോ?" എന്നു ചോദിച്ചുകൊണ്ട് കർത്താവ് അവരെ വീക്ഷിച്ച് ആകാശത്തിൽ ഇരിക്കുകയായിരിക്കും. നാം പതിന്നാലാം അധ്യായത്തിലേക്കു വരുമ്പോൾ, സൈന്യങ്ങളുടെ കൂട്ടിച്ചേർക്കൽ വലിയ

മുന്തിരിച്ചക്കിലേക്കുള്ള മുന്തിരിപ്പഴത്തിന്റെ കൂട്ടിച്ചേർക്കലാണെന്നു നാം കാണും. ദൈവത്തിന്റെ ദൃഷ്ടിയിൽ ഭൗമിക സൈന്യങ്ങൾ മുന്തിരിപ്പഴത്തിനു സദൃശവും, ഹർമ്മഗെദ്ദോൻ വലിയ മുന്തിരിച്ചക്കും ആയിരിക്കും. രാജാക്കന്മാരും, പടത്തലവന്മാരും, നേതാക്കന്മാരും സൈന്യങ്ങളെയെല്ലാം ഹർമ്മഗെദ്ദോനിൽ കൂട്ടിച്ചേർക്കുമ്പോൾ അവർ വലിയ മുന്തിരിച്ചക്കിലേക്കു കൂട്ടിച്ചേർക്കപ്പെടുന്ന മുന്തിരിപ്പഴം പോലെയായിരിക്കും. അപ്പോൾ കർത്താവ് ദൈവത്തിന്റെ ഈ മുന്തിരിച്ചക്കു മെതിക്കുവാൻ ഇറങ്ങിവരുകയും, ഒരു വലിയ രക്തനദി അതിൽനിന്ന് ഒഴുകുകയും ചെയ്യും. അവിടെ ആ സമയം ദുഷ്ടജനത്തിന്റെ എത്ര വലിയ സംഖ്യയായിരിക്കും കൊല്ലപ്പെടുക! ഭൂമിയിലേക്കുള്ള കർത്താവിന്റെ പരസ്യവരവിന്റെ സമയത്തായിരിക്കും ഇതു സംഭവിക്കുന്നത്. കർത്താവിന്റെ പരസ്യവരവിന്റെ ഉദ്ദേശ്യം ഭൗമികശക്തികളെയെല്ലാം ഉന്മൂലനാശം വരുത്തുക എന്നതായിരിക്കും. ഇതിനുശേഷം, ഭൂമിയിൽ യുദ്ധം അവസാനിക്കും.

## III. ഒരു മുന്നറിയിപ്പും സ്നേഹപൂർവമായ പ്രതികരണവും

22:12-ലും 20-ലും "ഇതാ, ഞാൻ വേഗം വരുന്നു" എന്നു പറഞ്ഞുകൊണ്ട് കർത്താവായ യേശു നമുക്കൊരു മുന്നറിയിപ്പ് തരുന്നു. സ്നേഹപൂർവമായ നമ്മുടെ പ്രതികരണം "ആമേൻ. കർത്താവായ യേശുവേ, വരേണമേ" എന്നായിരിക്കണം (22:20; 2 തിമൊ. 4:8). ഈ ദൂതുകളിലുള്ള നമ്മുടെ താൽപര്യം രണ്ടാം ആഗമനം എന്നു വിളിക്കപ്പെടുന്നതിനെ സംബന്ധിച്ച പഠിപ്പിക്കലും ഉപദേശവും അല്ല. നാം കർത്താവിന്റെ ഹൃദയാഗ്രഹത്തെ പഠിച്ചുകൊണ്ടിരിക്കുന്നു, അത് അവന്റെ മടങ്ങിവരവിനുവേണ്ടി ഉണർന്നും കാത്തും ഇരിക്കുന്നവരായ ഒരു കൂട്ടം ജയാളികളെ നേടുന്നതാണ്.